

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തെക്കാട്ടുശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി /പി6/1307/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 17/12/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി /പി6/1307/2025 തീയ്യതി: 17/12/2025

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 30-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സജിതദാസ്	ഡെപ്യൂട്ടി ഡയറക്ടർ	21-10-2025	28-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-10-2025	28-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ആശ എം.വി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീ.പ്രവീൺ ഷേണായി, ഓഡിറ്റ് ഓഫീസർ
ശ്രീ.റോയ് ടി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ കെ.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ബിനുമോൻ പി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ഷിബു.പി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി.പ്രീത വി പ്രഭു	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2024	21-07-2024
ശ്രീ.സാബുമോൻ കെ	സെക്രട്ടറി	22-07-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.പ്രീത വി പ്രഭു	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	04-10-2024
വേക്കന്റ്	അസിസ്റ്റന്റ് സെക്രട്ടറി	05-10-2024	31-10-2024
ശ്രീമതി.പ്രീതി ഡി കമ്മത്ത്	അസിസ്റ്റന്റ് സെക്രട്ടറി	01-11-2024	31-03-2025
ശ്രീമതി.ബിന്ദു പ്രസാദ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	30-08-2024
ശ്രീമതി.ജിഷാ ആന്റണി	അസിസ്റ്റന്റ് എഞ്ചിനീയർ	31-08-2024	31-03-2025

ശ്രീമതി.സ്വപ്ന കരുണാകരൻ	ഐ.സി.ഡി.എസ് .സൂപ്പർവൈസർ	01-04-2024	01-08-2024
ശ്രീമതി.ഷക്കീല വി എച്ച്	ഐ.സി.ഡി.എസ് .സൂപ്പർവൈസർ	02-08-2024	31-03-2025
ശ്രീ.സാദ്ദിഖ്	വി.ഇ.ഒ. വാർഡ്-1-7	01-04-2024	17-08-2024
വേക്കന്റ്	വി.ഇ.ഒ. വാർഡ്-1-7	18-08-2024	24-09-2024
ശ്രീ.പ്രതീഷ് കുമാർ	വി.ഇ.ഒ. വാർഡ്-1-7	25-09-2024	31-03-2025
ശ്രീമതി.ലത പി വി	വി.ഇ.ഒ.വാർഡ്-8-15	01-04-2024	23-12-2024
ശ്രീ.പ്രതീഷ് കുമാർ	വി.ഇ.ഒ.വാർഡ്-8-15,അഡി.ചാർജ്ജ്	24-12-2024	31-03-2025
ശ്രീമതി.സൗമ്യ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	30-04-2024
ശ്രീമതി.ജീഷ്മാ ഷാജി	കൃഷി ഓഫീസർ	01-04-2024	16-12-2024
ശ്രീമതി.പിന്റു റോയി	കൃഷി ഓഫീസർ	17-12-2024	31-03-2025
ഡോ.അമ്പിളി എ	മെഡിക്കൽ ഓഫീസർ,അലോപ്പതി	01-04-2024	31-03-2025
ഡോ.ആര്യാ കൃഷ്ണൻ	മെഡിക്കൽ ഓഫീസർ,ആയൂർവ്വേദം	01-04-2024	16-01-2025
ഡോ.അപർണ്ണ സി	മെഡിക്കൽ ഓഫീസർ,ആയൂർവ്വേദം	16-01-2025	02-03-2025
ഡോ.ഹിരൺ മേരി തോമസ്	മെഡിക്കൽ ഓഫീസർ,ആയൂർവ്വേദം	03-03-2025	31-03-2025
ശ്രീമതി.മൂല്യ മോഹൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-05-2024	31-03-2025
ശ്രീ. ടോണി തോപ്പിൽ	വെറ്റിറിനറി സർജൻ	01-04-2024	30-06-2024
ശ്രീമതി.ഹേന കൃഷ്ണൻ	വെറ്റിറിനറി സർജൻ	01-07-2024	31-07-2024
ശ്രീ.സലിൽ.യു.	വെറ്റിറിനറി സർജൻ	01-08-2024	09-09-2024
ശ്രീമതി.റാണി ഭരതൻ	വെറ്റിറിനറി സർജൻ	10-09-2024	21-11-2024
ശ്രീമതി.നിഷ സെബാസ്റ്റ്യൻ	വെറ്റിറിനറി സർജൻ	22-11-2024	30-03-2025
ശ്രീമതി മഹിളാമണി	ഹെഡ്മിസ്ട്രസ്	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	വസ്തു നികുതി ഡിസിബി -ബുക്ക് അഡ്ജസ്റ്റ്മെന്റ് വിശദീകരിക്കപ്പെട്ടില്ല	1-1-2
4	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-3
5	വാർഷിക കണക്കിൽ ഡവലപ്പ്മെന്റ് ഫണ്ട് (ജനറൽ)-ആകെ ചെലവു തുക സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല	1-1-4
6	ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല	1-1-5
7	ബജറ്റ്	1-2
8	സാമ്പത്തിക വിശകലനം	1-3
9	ഫണ്ട് വിനിയോഗം	1-4
10	പദ്ധതി അവലോകനം	1-5
11	തൊഴിലുറപ്പ് പദ്ധതി	1-6
12	ക്ഷേമ പദ്ധതികൾ	1-7
13	ക്യാഷ് പരിശോധന	1-8
14	ആഭ്യന്തര നിയന്ത്രണം	1-9
15	തൊഴിൽ നികുതി ഈടാക്കിയില്ല	1-10
16	തൊഴിൽ നികുതി - ഈടാക്കിയതിൽ കുറവ്	1-11
17	കടത്ത് ലേലത്തുക അടവാക്കിയില്ല	1-12
18	പെർമിറ്റ് -അപേക്ഷ ഫീ ഈടാക്കിയതിൽ കുറവ്	1-13
19	പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്	1-14
20	സർവ്വേ റിപ്പോർട്ട് അടിസ്ഥാനമാക്കി സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കിയില്ല	1-15
21	വസ്തു നികുതി ഡിമാന്റ് നോട്ടീസ് വിതരണം - രേഖകൾ ലഭ്യമാക്കിയില്ല	1-16
22	എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ അപാകങ്ങൾ	1-17
23	വി.ഇ.ഒ നടപ്പാക്കിയ ബയോകമ്പോസ്റ്റർ വിതരണം - പ്രോജക്ട് നടപ്പാക്കിയതിലെ ന്യൂനതകൾ	1-18
24	വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്ക് കസേര വാങ്ങൽ-അപാകത	1-19
25	തെരുവുവിളക്കുകളുടെ വാങ്ങലും റിപ്പയറിംഗും - നിർവ്വഹണത്തിലെ അപാകതകൾ	1-20
26	മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ-വിതരണ രേഖകൾ പൂർണ്ണമല്ല, നടപടി ക്രമങ്ങളിലും അപാകം	1-21
27	സരസ് മേള നടത്തിപ്പ് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-22
28	വീട് വാസയോഗ്യമാക്കൽ – പണി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയില്ല	1-23
29	ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങൽ – തുക മുൻകൂർ നൽകി	1-24
30	ജി.എസ്.ടി തുക ബില്ലിൽ കുറവുചെയ്തു	1-25
31	ലൈഫ് ഭവന നിർമ്മാണം - നിർമ്മാണം പൂർത്തീകരിച്ചില്ല	1-26
32	മരുന്നുകൾ ലഭ്യമായില്ല	1-27
33	APHC-NHM ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല	1-28
34	ജി.എസ്.റ്റി-റ്റി.ഡി.എസ്. ഈടാക്കിയില്ല	1-29
35	ഓണം അഡ്വാൻസ് തുക തിരികെ ഈടാക്കിയില്ല	1-30
36	VAT ഇനത്തിലെ തുക അടയ്ക്കാതെ ബാലൻസായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു	1-31
37	ജലജീവൻ മിഷൻ അവലോകനം	1-32
38	ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം	1-33
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ അപാകങ്ങൾ	3-1
	ഭാഗം 4	

1	മെഡിസെപ് - വിവരശേഖരണം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 31.5.2025 ലെ 1-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 28.07.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ട്രർ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-1-2 വസ്തു നികുതി ഡിസിബി -ബുക്ക് അഡ്ജസ്റ്റ്മെന്റ് വിശദീകരിക്കപ്പെട്ടില്ല

വാർഷിക കണക്കിൽ ചേർത്തിട്ടുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും ബുക്ക് അഡ്ജസ്റ്റുമെന്റ് വിശദീകരിക്കപ്പെട്ടില്ല.

1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല.

1-1-4 വാർഷിക കണക്കിൽ ഡവലപ്പ്മെന്റ് ഫണ്ട് (ജനറൽ)-ആകെ ചെലവു തുക സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിൽ ഡവലപ്പ്മെന്റ് ഫണ്ട് (ജനറൽ), പ്രകാരമുള്ള ആകെ ചെലവു തുക സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	സുലേഖ-ചെലവു പത്രിക/ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ്	വാർഷിക കണക്ക് പ്രകാരമുള്ള ആകെ ചെലവ്	വ്യത്യാസം
വികസന ഫണ്ട് - (ജനറൽ)	1,61,23,853	1,61,44,999	21,146

1-1-5 ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ അക്കൗണ്ടിന്റെ (നം.57052945789), ബാങ്ക്പാസ്സ് ബുക്ക്/ബാങ്ക് സ്റ്റേറ്റുമെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ആയതിനാൽ 31.3.25 ലെ നീക്കിയിരിപ്പ് തുകയായ 23,607 രൂപയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

1-2 ബജറ്റ്

2024-25 ലെ ബജറ്റ് 08.02.24 -ാം തീയതിയിലെ പഞ്ചായത്തു കമ്മറ്റിയുടെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റു പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	വരവ്	ചെലവ്
ബജറ്റ് പ്രകാരം	30,92,81,677	30,72,91,500
വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം)	17,17,51,033	16,70,23,901

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	1,84,36,839.16
വരവ്	5,21,32,344
ആകെ	7,05,69,183.16
ചെലവ്	4,74,79,925
നീക്കിയിരിപ്പ്	2,30,89,258.16

1-4 ഫണ്ട് വിനിയോഗം

	മുന്നിരിപ്പ്	സോഴ്സിൽ പിടിച്ചത്	അലോട്ട്മെന്റ് വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസനഫണ്ട് (ജനറൽ)	0	35,64,662	1,26,10,338	1,61,75,000	1,61,44,999	30001 (ലാപ്സായി)
വികസനഫണ്ട് (എസ്.സി.പി)	0	7,71,831	51,78,169	59,50,000	59,28,831	21,169 (ലാപ്സായി)
വികസനഫണ്ട്	0	0	1,16,000	1,16,000	1,15,351	649

(ടി.എസ്.പി)						(ലാപ്സായി)
മെയിന്റനൻസ് ഫണ്ട് -റോഡ്	0	0	1,26,44,000	1,26,44,000	59,60,949	6,83,051 (ലാപ്സായി)
മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്	0	0	55,19,000	55,19,000	53,42,568	1,76,432 (ലാപ്സായി)
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബേസിക്	16,59,082	0	29,37,556	45,96,638	9,55,332	36,41,306
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്	47,15,815	0	62,95,500	1,10,11,315	28,82,577	81,28,738
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് (ട്രഷറി)	0	0	1,849	1,849	0	1,849 (ലാപ്സായി)
ഹെൽത്ത് ഗ്രാന്റ്-സ്കീം-3-KL-278	7,11,329	0	4,56,591	11,67,920	3,04,045	8,59,875
ഹെൽത്ത് ഗ്രാന്റ്-സ്കീം-4-KL-281	3,16,016	0	5,62,201	8,78,217	3,04,419	5,73,798

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്-ശതമാനം
167	16,27,68,301	113	5,96,74,989	46	8	35%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	124	10,29,596	10,29,720	10,29,156	564
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	5,84,32,844	5,84,32,844	5,84,32,844	0
ആകെ	124	5,94,62,440	5,94,62,564	5,94,62,000	564

1-7 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	53,02,800	276
വിധവാ പെൻഷൻ	1,00,86,800	525
വാർദ്ധക്യകാല പെൻഷൻ	2,23,18,000	1162
വികലാംഗ	32,00,800	168

പെൻഷൻ		
അവിവാഹിത പെൻഷൻ	9,33,600	49

1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2025-ൽ 3.00 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,200/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1) ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2) കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3) തൻവർഷ ആസ്തി വിവരം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനവും/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 2024-25 സാമ്പത്തികവർഷത്തെ തൊഴിൽ നികുതിഡിമാൻറ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല. ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

തൊഴിൽ നികുതി 2024-25 ഒന്നും രണ്ടും അർദ്ധ വർഷത്തെ അടവാക്കാനുള്ള സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്
1	അക്ഷയ കേന്ദ്രം തൈക്കാട്ടുശ്ശേരി
2	തൈക്കാട്ടുശ്ശേരി ഫ്യുവൽസ്
3	ശ്രീഭഗവതി ട്രേഡേഴ്സ്
4	സതേൺ മിനറൽ ഇൻഡസ്ട്രീസ്
5	ദേവീ ഭാരത് ഗ്യാസ് ഡിസ്ട്രിബ്യൂട്ടേഴ്സ്
6	അമ്മാസ് സൂപ്പർ മാർക്കറ്റ്
7	യെസ്സ് ഫുഡ്സ് എക്സ്പോർട്ട്
8	എ ആർ ഡി 277 വാർഡ് നം. 1
9	എ ആർ ഡി 271 വാർഡ് നം. 4
10	എ ആർ ഡി 276 വാർഡ് നം. 4
11	എ ആർ ഡി 264 വാർഡ് നം. 6
12	എ ആർ ഡി 273 വാർഡ് നം. 6
13	എ ആർ ഡി 272 വാർഡ് നം. 8
14	എ ആർ ഡി 269 വാർഡ് നം. 9
15	എ ആർ ഡി 270വാർഡ് നം. 11
16	എ ആർ ഡി 274 വാർഡ് നം. 11
17	എ ആർ ഡി 300 വാർഡ് നം. 12
18	എ ആർ ഡി 266 വാർഡ് നം. 13
19	എ ആർ ഡി 267 വാർഡ് നം. 15

20	എ) ആർ ഡി 265 വാർഡ് നം. 15
21	ക്ഷീര ഉൽപാദക സഹകരണ സംഘം തൈക്കാട്ടുശ്ശേരിഎ)169 ഡി
22	ക്ഷീര ഉൽപാദക സഹകരണ സംഘം തേവർവട്ടം എ) 277 ഡി
23	ക്ഷീര ഉൽപാദക സഹകരണ സംഘം മണപ്പുറം എ)171 ഡി
24	ക്ഷീര ഉൽപാദക സഹകരണ സംഘം പള്ളിപ്പുറം നോർത്ത് എ)171 ഡി
25	ക്ഷീര ഉൽപാദക സഹകരണ സംഘം പള്ളിപ്പുറം എ)61 ഡി
26	സതേൺ മിനറൽസ് ഇൻഡസ്ട്രീസ്
27	മരാമത്ത് കരാറുകാരായ രാഘവേന്ദ്ര ഷേണായി, അജു എസ്., ആന്റണി ജോൺ, അനിൽ കുമാർ പി.ജി. ടി.ജെ.ജോബ്, കൃഷ്ണകുമാർ ജി., ശ്രീഗോവിന്ദ്
28	ബ്ലാക്ക് ഷെൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എ) 239 രണ്ടാം അർദ്ധ വർഷം

ഇത് സംബന്ധിച്ച് 24.10.2025-ന് നൽകിയ 1/25 നമ്പർ ഓഡിറ്റ് എൻകയറിക്ക് അധികൃതർ മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ബാധകമായ തൊഴിൽനികുതിയും സ്ഥാപനതൊഴിൽനികുതിയും ഈടാക്കി ഒടുക്കുവരുത്തി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 തൊഴിൽ നികുതി - ഈടാക്കിയതിൽ കുറവ്

സ.ഉ.(സാധാ)നം. 1149/2024/LSGD തീയതി 27.06.2024 പ്രകാരം തൊഴിൽ നികുതി 2024 (രണ്ടാം അർദ്ധ വർഷം) ഒക്ടോബർ 1 മുതൽ പരിഷ്ക്കരിച്ചിട്ടുണ്ട്. ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2024-25 രണ്ടാം അർദ്ധ വർഷ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കുന്നതിന് 17.07.2025 ന് നോട്ടീസ് നൽകിയിട്ടും നാളിതു വരെ ഒടുക്കിയിട്ടില്ല.
ആയത് ക്രമീകരിക്കുന്നതിന് എടുത്ത നടപടികൾ, രേഖകൾ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.2/24.10.2025 ന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന ജീവനക്കാരുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	ജീവനക്കാരുടെ പേര്	ഉദ്യോഗപ്പേര്/സ്ഥാപനം	വരുമാനം (അർദ്ധവാർഷിക വരുമാനം)	ഈടാക്കിയ നികുതി	ഈടാക്കേണ്ട നികുതി	കുറവ്
1	യദുകൃഷ്ണൻ സി.	ഡാക് സേവക് പോസ്റ്റ് ഓഫീസ്, തൈക്കാട്ടുശ്ശേരി	114092	750	1000	250
2	ഉണ്ണിമായ എം.	ഡാക് സേവക് പോസ്റ്റ് ഓഫീസ്, തൈക്കാട്ടുശ്ശേരി	45900	450	750	300
3	രമണി	കാഷ്വൽ സ്വീപ്പർ, ജി.എ.ഡി തൈക്കാട്ടുശ്ശേരി	39485	320	600	280
4	അമൽ വി.കെ.	എ.ഇ, കേരള വാട്ടർ അതോറിറ്റി, തൈക്കാട്ടുശ്ശേരി	362208	300	1250	950
5	ചന്ദ്രബാബു	ടി.എസ്.നം-51 മാക്കേകടവ്	44960	300	600	300
6	സുരേഷ്	ടി.എസ്.നം-51	44960	300	600	300

		മാക്കേകടവ്				
						ആകെ 2380

മേൽ പട്ടികയിലുള്ള ജീവനക്കാരുടെ 2024-25 രണ്ടാം അർദ്ധ വർഷതൊഴിൽ നികുതിയിൽ കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 കടത്ത് ലേലത്തുക അടവാക്കിയില്ല

പഞ്ചായത്തിന്റെ അധീനതയിലുള്ള നേരേകടവ്-മാക്കേകടവ് ഫെറി സർവ്വീസ് 2024-25 വർഷം ശ്രീ.രഞ്ജിത്, തെക്കേപുളിക്കൽ, മണപ്പുറം, എന്നയാൾക്ക് 22,10,000/- രൂപയ്ക്ക് 14.02.2024 ൽ ലേലം ചെയ്തു കൊടുത്തു. ഇതിന് ഭരണസമിതി തീരുമാനം നമ്പർ 6/04.03.24 പ്രകാരം അംഗീകാരം നൽകി. ലേലം സ്ഥിരപ്പെടുത്തി പഞ്ചായത്തുമായി ഏർപ്പെട്ട കരാറിൽ ലേലത്തുക 22,10,000/- രൂപ, മൂന്ന് തുല്യഗഡുക്കളായി അടച്ചു കൊള്ളാമെന്ന് സമ്മതിച്ചിരുന്നു. എന്നാൽ ഇതിന് വിപരീതമായി ആദ്യ തവണ തന്നെ ടി ലേലത്തുകയിൽ 6,00,000/- രൂപ മാത്രമാണ് ടിയാൻ അടവാക്കിയിട്ടുള്ളത്. ടി തുക അടവാക്കിയത് 2023-24 സാമ്പത്തിക വർഷത്തിലുമാണ്. 2024-25 വർഷം ഒരു രൂപ പോലും ലേലം പിടിച്ച ഇനത്തിൽ ടിയാൻ അടവാക്കിയിട്ടില്ല. ആദ്യ തവണ അടവാക്കിയ 6,00,000/- ലക്ഷം രൂപയുടെ ജി.എസ്.ടി. തുകയായ 1,08,000/-രൂപ അടവാക്കിയ രേഖകളൊന്നും ഫയലിനൊപ്പമില്ല. പിന്നീട് 2024 ജൂൺ 30 നും, 2024 ഡിസംബർ 31 നും രണ്ടും, മൂന്നും ഗഡുക്കൾ അടയ്ക്കേണ്ടതായിരുന്നു. അതൊന്നും തന്നെ അടവാക്കിയിട്ടില്ല. കവട്ടേഷൻ ക്ഷണിച്ചപ്പോൾ ലേലം പിടിക്കുന്നയൾ ലേലത്തുകയ്ക്ക് തുല്യമായ തുകയുടെ സേൾവെൻസിയോ, ബാങ്ക് ഗ്യാരന്റിയോ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതൊന്നും കരാറുകാരൻ പാലിച്ചതായോ, പഞ്ചായത്ത് അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പട്ട് നല്കിയ ഓഡിറ്റ് അന്വേഷണം. 13/25.10.2025 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പുതിയ പാലം പണിയുന്നതുമായി സംബന്ധിച്ചും, വിവിധ കാരണങ്ങളാലും പല തവണ കടത്ത് സർവ്വീസ് നിർത്തുകയും, പുനരാരംഭിക്കുകയും ചെയ്തതിനാലും, കരാറുകാരന്റെ ചിലവിൽ പുതിയ ജെട്ടി നിർമ്മിക്കുകയും ചെയ്തത് മൂലവും കരാറുകാരന് വരുമാനത്തിൽ കുറവ് സംഭവിച്ചതിനാലാണ് കരാറുകാരൻ പഞ്ചായത്തിൽ പ്രതിദിനം അടയ്ക്കേണ്ട തുകയിൽ കുറവ് വരുത്തി നൽകാൻ കമ്മറ്റി തീരുമാനിച്ചതെന്നും ഇത് സംബന്ധിച്ച ഇളവിനായി സർക്കാരിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

വരുമാനം കുറയുന്നതിന്റെ അടിസ്ഥാനകാരണമായി പറയുന്ന വസ്തുത ലേലം പിടിക്കുന്നതിന് മുൻപ് തന്നെ നിലനിൽക്കുന്നതാണ്. കാരണം പുതിയ പാലം പണിയുന്നതിനായി ജെട്ടി മാറ്റി തരണമെന്ന് കാണിച്ച് 28.02.2024 ൽ തന്നെ പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്തിന് നല്കിയ കത്ത് ഫയലിലുണ്ട്. അതായത് യാതൊരു മുന്നൊരുക്കങ്ങളും കൂടാതെയാണ് പഞ്ചായത്ത് ലേല നടപടികൾ തുടങ്ങിയതെന്ന് വ്യക്തം. കറാറിലേർപ്പെട്ടതിന് ശേഷം 2024 ജൂലൈ വരെ പരാതികളൊന്നും തന്നെ കരാറുകാരൻ ഉന്നയിച്ചതായി കാണുന്നില്ല. രണ്ടാം ഗഡു അടയ്ക്കാനായി പഞ്ചായത്ത് കത്ത് നൽകിയതിന് ശേഷമാണ് നഷ്ടക്കണക്കുകൾ കരാറുകാരൻ പറഞ്ഞു തുടങ്ങിയത്. തന്നെയുമല്ല ലേലം കൊള്ളുമ്പോൾ പരസ്പരം സമ്മതിച്ച് എഴുതി നൽകിയ കാര്യങ്ങളിൽ ഒന്നു പോലും നടപ്പിൽ വരുത്താൻ പഞ്ചായത്തോ, കരാറുകാരനോ ശ്രമിച്ചതായി കാണുന്നില്ല.

സർക്കാരിൽ നിന്നും ഇളവ് ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും, അതോടൊപ്പം ഇളവ് അനുവദിച്ചതിന് ശേഷമുള്ള തുക അടച്ചതിന്റെ രേഖകളും, ഇളവ് ലഭ്യമായിട്ടില്ലെങ്കിൽ അടവാക്കാനുള്ള മുഴുവൻ തുകയും അടച്ചതിന്റെ വിശദാംശങ്ങളും(ജി.എസ്.ടി. അടക്കം) ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ അടിയന്തര ശ്രദ്ധയിൽപ്പെടുത്തുന്നു.

1-13 പെർമിറ്റ് -അപേക്ഷ ഫീ ഈടാക്കിയതിൽ കുറവ്

പഞ്ചായത്തിന്റെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പേര് ചേർത്തിരിക്കുന്നവരിൽ നിന്നും സ.ഉ.(കൈ)നം. 97/2024/എൽഎസ്ജിഡി/ 30-07-2024 നമ്പർ ഉത്തരവിൽ നിഷ്ക്കർഷിക്കും പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ്. പെർമിറ്റ് അപേക്ഷ ഫീസ് കുറവായി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഉടമയുടെ പേര്	കെട്ടിടത്തിന്റെ തരം	വിസ്തൃതി (M^2)	ഈടാക്കിയ തുക	ഈടാക്കേണ്ടത്	കുറവ്
1.	അനീഷ് കെ.എൻ.	റസിഡൻസ്	353.24	500/-	2000/-	1500/-
2.	ഗോമതിഅമ്മ	ഗാർഹികം& വാണിജ്യം	434.90	500/-	2000/-	1500/-

3.	ജോർജ്ജ്	ഗാർഹികം	1508	500/-	2000/-	1500/-
4.	സുകുമാരൻ നായർ	ഗാർഹികം	434.46	500/-	2000/-	1500/-
5.	സ്നേഹലത	ഗാർഹികം	423.06	500/-	2000/-	1500/-
6.	സാജൻ കുര്യൻ	ഗാർഹികം& വാണിജ്യം	310.04	150/-	2000/-	1850/-
7.	സുരേഷ്കുമാർ	ഗാർഹികം	168.34	150/-	500/-	350/-

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം. 27/27.10.2025 ന് മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

പഞ്ചായത്തിന്റെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പേര് ചേർത്തിരിക്കുന്നവരിൽ നിന്നും പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഉടമയുടെ പേര്	കെട്ടിടത്തിന്റെ തരം	വിസ്തൃതി (M^2)	ഈടാക്കിയ തുക	ഈടാക്കേണ്ട തുക	കുറവ്
1.	റോയ്സ് ജോൺ	വാണിജ്യം	290.82	13900/-	290.82x50= 14541/-	641/-
2.	സാജൻ കുര്യൻ	ഗാർഹികം &വാണിജ്യം	310.14	318/-	310.82x100=31000/-	30682/-
3.	സുകുമാരൻ നായർ	ഗാർഹികം &വാണിജ്യം	434.46	10882/-	434.46x100=43446/-	32564/-
4.	സ്നേഹലത	ഗാർഹികം &വാണിജ്യം	423.06	9153/-	423.06x100= 42306/-	33153/-
5.	അനീഷ് കെ.സി.	റസിഡൻസ്	197.50	2469	197.50x50=9875/-	7406/-
6.	തങ്കച്ചൻ	റസിഡൻസ്	79.47	556/-	79.47x25= 1987/-	1434/-
10.	സുഭാഷ്	റസിഡൻസ്	210.96	2548/-	210.96x50= 10548/-	8000/-
11.	ഗോമതിഅമ്മ	ഗാർഹികം &വാണിജ്യം	434.90	7892/-	434.90x100= 43490/-	35598/-
12.	സുരേഷ്കുമാർ	ഗാർഹികം	168.34	2104/-	168.34x50= 8417/-	6313/-
13.	രാഹുൽ. എം.എസ്.	ഗാർഹികം	215.88	2698/-	215.88x50= 10794/-	8096/-
14	അനീഷ് കെ.എൻ.	ഗാർഹികം	353.24	383/-	353.24x100= 35324/-	34941/-

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 28/27.10.2025 ന് മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-15 സർവ്വേ റിപ്പോർട്ട് അടിസ്ഥാനമാക്കി സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കിയില്ല

പൂച്ചാക്കൽ മാർക്കറ്റ് കാന നവീകരണം എന്ന പ്രവൃത്തിയുടെ ഭാഗമായി നീക്കം ചെയ്ത് മാർക്കറ്റിൽ സൂക്ഷിച്ചിരിക്കുന്ന പഴയ ഗ്രേറ്റിംഗ്സിന്, 7.3.2025 ലെ പഞ്ചായത്ത് ഭരണസമിതിയുടെ 3(1)-ാം നമ്പർ തീരുമാന പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ടി സർവ്വേ റിപ്പോർട്ട് പ്രകാരം 858.320 കി.ഗ്രാം.ഡിസ്മാന്റിൽഡ് ഗ്രേറ്റിംഗ്സിന് 32 രൂപ നിരക്കിൽ 27,466.24 രൂപ മൂല്യം നിർണ്ണയിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച ടി സർവ്വേ റിപ്പോർട്ട് അടിസ്ഥാനമാക്കി സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകയറിയ്ക്ക് (16/27.10.25)മറുപടിയായി ലേല നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലേല നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-16 വസ്തു നികുതി ഡിമാന്റ് നോട്ടീസ് വിതരണം - രേഖകൾ ലഭ്യമാക്കിയില്ല

2024-25 വർഷം വസ്തു നികുതി ഡിമാന്റ് നോട്ടീസ് വിതരണം നടത്തിയതിന് ഒരു വീടിന് 10/- രൂപയെന്ന നിരക്കിൽ വിവിധ വാർഡുകളുടെ ചുമതലയുള്ള ഹരിത കർമ്മസേനാംഗങ്ങൾക്ക് തുക

നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും 95,430/- രൂപ വൗച്ചർ നം.22400671/17.12.2024 (ചെക്ക് നം 878159/17.12.2024) പ്രകാരം ചെലവഴിച്ചിട്ടുണ്ട്. വൗച്ചറും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഓരോ വാർഡിലേയ്ക്കും ഡിമാന്റ് നോട്ടീസ് വിതരണത്തിനായി ചുമതലപ്പെടുത്തിയ ഹരിത കർമ്മസേനാംഗങ്ങൾ നോട്ടീസ് വിതരണം നടത്തിയതു സംബന്ധിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ, ഓരോ വാർഡിലേയും ഏതൊക്കെ വീടുകളിൽ നോട്ടീസ് നൽകിയെന്നതു സംബന്ധിച്ച വാർഡ് തിരിച്ചുള്ള ലിസ്റ്റോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വസ്തു നികുതി ഡിമാന്റ് നോട്ടീസ് വിതരണം നടത്തിയതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻകൃയറി നൽകിയെങ്കിലും (നം.25/27.10.2025) ആയത് ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 95,430/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ അപാകങ്ങൾ

പ്രോജക്ട് നം.	S0071/25
പദ്ധതിയുടെ പേര്	എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
നിർവ്വഹണം	ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്.
അടങ്കൽ	12,00,000/- (എസ്.സി.പി.)
ചെലവ്	8,90,000/-
ബിആർഎൻ നം.	240607520133018668 2/06.02.2025, 4,10,000

ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ് നിർവ്വഹണം നടത്തിയ ടി പ്രോജക്ടിൽ ഉൾപ്പെടുത്തി 8,90,000/- രൂപ 2024-25 വർഷം ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റിന്റെ നടത്തിപ്പ് സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. സബ്സിഡി മാർഗ്ഗരേഖ 7-2-4 (7-1) പ്രകാരം +2 വിന് ശേഷമുള്ള സർക്കാർ അംഗീകൃത റഗുലർ കോഴ്സിന് (ബിരുദമല്ലാത്ത) 15,000/- രൂപയാണ് നൽകാവുന്നത്.

ക്രമ നം.	വിദ്യാർത്ഥിയുടെ പേര്	കോഴ്സ്/സ്ഥാപനം	നൽകിയ സ്കോളർഷിപ്പ് തുക	നൽകാവുന്ന സ്കോളർഷിപ്പ് തുക	അധികം നൽകിയ തുക	ബിൽ നം.
1.	അർച്ചന പി.സലി	ജനറൽ നേഴ്സിംഗ്& മിഡ്വൈഫറി, മെഡിക്കൽ കോളേജ്, കോട്ടയം	25,000/-	15,000/-	10,000/-	240607520133018668 2/ 06.02.2025 4,10,000/-

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 14/25.10.2025 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജനറൽ നേഴ്സിംഗ് ബിരുദത്തിന് തുല്യമായ കോഴ്സാണെന്ന് ധരിച്ചതിനാലാണ് തുക നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. ജനറൽ നേഴ്സിംഗ് ആന്റ് മിഡ്വൈഫറി കോഴ്സ് ബിരുദത്തിന് തുല്യമായ കോഴ്സ് അല്ലാത്തതിനാൽ അധികമായി നൽകിയ 10,000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. അധികമായി നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

1-18 വി.ഇ.ഒ നടപ്പാക്കിയ ബയോകമ്പോസ്റ്റർ വിതരണം - പ്രോജക്ട് നടപ്പാക്കിയതിലെ ന്യൂനതകൾ

പ്രോജക്ട് നമ്പർ – S0138/25

പ്രോജക്ടിന്റെ പേര് - ബയോകമ്പോസ്റ്റർ ബിൻ (Spill Over)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ (തൈക്കാട്ടുശ്ശേരി)
ചെലവ് തുക – 3,84,650/- (വൗച്ചർ നം – XVFC/2024-25/P/43/30.03.2025)

വി.ഇ.ഒ (തൈക്കാട്ടുശ്ശേരി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ബയോകമ്പോസ്റ്റർ എന്ന സ്പിൽ ഓവർ പ്രോജക്ട് പ്രകാരം Shudhi Waste Conversion & Bio Composter Bin Unit എന്ന സ്ഥാപനത്തിൽ നിന്നും 314 ബിൻ ലഭ്യമാക്കി 5,49,500/- രൂപയുടെ ബിൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ സി.എഫ്.സി ഗ്രാന്റിൽ നിന്നും 3,84,650/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ശുചിത്വ മിഷൻ ഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ ശേഷിച്ച തുകയും പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതവും നാളിതുവരെ സ്ഥാപനത്തിന് നൽകിയിട്ടില്ല.
പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) മേൽ സ്ഥാപനത്തിൽ നിന്ന് 314 ബിൻ 1,750 രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. ഒരു ബിന്നിന്റെ വിലയായ 1750/-രൂപയിൽ 10% തുകയായ 175/-രൂപ വീതം 314 ബിന്നിന് ഗുണഭോക്തൃ വിഹിതമായി പിരിക്കേണ്ടത് 54,950/- രൂപയാണ്. എന്നാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 146 പേരിൽ നിന്നും 175

രൂപ നിരക്കിൽ 25,550/- രൂപ മാത്രമാണ് 2024-25 വർഷം പിരിച്ചെടുത്ത് തനത് ഫണ്ടിൽ ഒടുക്കിയത്. ഗുണഭോക്തൃ വിഹിതം ഒടുക്കുന്നതുമായി ബന്ധപ്പെട്ട് കെ സ്മാർട്ടിലെ സാങ്കേതിക പ്രശ്നം മൂലം 48 ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതമായ 8,400/- രൂപ 14.10.2025 ൽ മാത്രമാണ് തനത് ഫണ്ടിൽ അടവാക്കിയിട്ടുള്ളത്.

(ബി) സ്ഥാപനം ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയ 314 ബിന്നുകളിൽ നാളിതുവരെ ആകെ 194 എണ്ണം (146+48) ബിന്നുകൾ മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് ഗുണഭോക്തൃ ലിസ്റ്റിലെ അർഹരായ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷയും അർഹത സംബന്ധിച്ച അനുബന്ധ രേഖകളും പരിശോധിച്ച് ഉറപ്പാക്കി ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന് ശേഷമാണ് വാങ്ങേണ്ട ബിന്നുകളുടെ എണ്ണം കണക്കാക്കേണ്ടതും വിതരണ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകേണ്ടതും. എന്നാൽ മേൽ പ്രോജക്ടിന്റെ ആരംഭത്തിൽ 146 ഗുണഭോക്താക്കൾ മാത്രമാണ് ബയോബിന്നിനായി അപേക്ഷിക്കുകയും ഗുണഭോക്തൃ വിഹിതം ഒടുക്കുകയും ചെയ്തത്. 48 ഗുണഭോക്താക്കൾ 2024-25 സാമ്പത്തിക വർഷത്തിന് ശേഷമാണ് ഗുണഭോക്തൃ വിഹിതം ഒടുക്കിയത്. ഗുണഭോക്താക്കളെ കണ്ടെത്തുവാൻ കഴിയാത്തതിനാൽ ശേഷിക്കുന്ന 120 എണ്ണം ബിന്നുകൾ നിലവിലും വിതരണം നടത്തിയിട്ടില്ല. പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തിയതിനാലാണ് ഇപ്രകാരം സംഭവിച്ചത്.

ശേഷിക്കുന്ന ബിന്നുകൾ എത്രയുംവേഗം വിതരണം നടത്തി പദ്ധതി പൂർത്തിയാക്കുന്നതാണ് എന്നാണ് അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിയ്ക്ക് (നം.12/25.10.2025) മറുപടി നൽകിയത്. നിലവിൽ വിതരണം ചെയ്യാനവശേഷിക്കുന്ന 120 എണ്ണം ബിന്നുകളുടെ വിതരണം പൂർത്തിയാക്കുന്നതുവരെ 3,84,650/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്ക് കസേര വാങ്ങൽ-അപാകത

പ്രോജക്ടിന്റെ പേര്	വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്ക് കസേര
പ്രോജക്ട് നമ്പർ	S0135/25
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	₹33,800
ചെലവ്	₹33,040
ബിൽ നമ്പർ	BRN 24060752013200188655 DATED 09.05.24, ₹24,985 BRN 24060752013200614897 DATED 03.09.24,₹8,055

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായ ARTCO യിൽ നിന്ന് ഇൻവോയ്സ് നമ്പർ KTM292 തീയതി 16.02.24 പ്രകാരം 56 കസേരകൾ (PLASTIC ARMLESS CHAIR) @₹590യ്ക്ക് വാങ്ങിയിട്ടുണ്ട്. എന്നാൽ PLASTIC ARMLESS CHAIR, ARTCO യുടെ 'Price List' ൽ ഉൾപ്പെട്ടിട്ടില്ല. G.O.(Rt.)No.30/24/SPD/07/03/24 പ്രകാരം ടെണ്ടർ/ക്വട്ടേഷൻ നടപടി കൂടാതെ കോപ്പറേറ്റിവ് സൊസൈറ്റിയായ ARTCO നിന്ന് ഫർണിച്ചർ വാങ്ങാൻ അനുമതി നൽകിയിട്ടുള്ളത് ARTCO സ്വയം നിർമ്മിച്ച ഉൽപ്പന്നങ്ങൾക്കു മാത്രമാണ്. നടപടിക്രമം പാലിക്കാതെ വാങ്ങൽ നടത്തിയതിന് വിശദീകരണവും വാങ്ങിയ കസേരകളുടെ വിതരണവിവരവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകവയറി നമ്പർ 8/25.10.25 ന് ആർട്കോ യിൽ നിന്ന് വാങ്ങിയ കസേരകൾ വിതരണം നടത്തിയിട്ടില്ലെന്നും അവ ഓഫീസിനു മുകളിൽ ശേഖരിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്. കസേരകൾ വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതാണ്. മതിയായ രേഖകൾ ഹാജരാക്കും വരെ ₹33,040 തടസ്സപ്പെടുത്തുന്നു.

1-20 തെരുവുവിളക്കുകളുടെ വാങ്ങലും റിപ്പയറിംഗും - നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം.	എസ്.0121/25
പ്രോജക്ടിന്റെ പേര്	തെരുവുവിളക്കുകളുടെ വാങ്ങലും റിപ്പയറിംഗും
അടങ്കൽ	₹4,94,744 (വികസന ഫണ്ട്)
ചെലവ് വിവരം	BRN 23060752013201522405 DTD 25.03.24,₹201155 BRN 23060752013201109237 DTD 30.12.24,₹23363 BRN 23060752013201109240 DTD 30.12.24,₹114120

	BRN 23060752013201109242 DTD 30.12.24,₹56106 BRN 23060752013201484835 DTD 10.03.25,₹100000 ആകെ-₹4,94,744
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി ഗ്രാമപഞ്ചായത്ത്

തെരുവു വിളക്ക് വാങ്ങുന്നതിനായി ₹2,24,518 ഉം തെരുവു വിളക്ക് റിപ്പയറിംഗിനായി ₹2,70,226 ഉം ഉൾപ്പെടുത്തി ഏറ്റെടുത്തു നടപ്പിലാക്കിയ പ്രോജക്ടാണിത്. പ്രോജക്ട് നിർവ്വഹണത്തിൽ കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. സപ്ലൈ ചെയ്ത സാമഗ്രികൾ സ്റ്റോക്കിലെടുത്തിട്ടില്ല

തെരുവുവിളക്ക് പരിപാലനത്തിന് സാധന സാമഗ്രികൾ വാങ്ങിയത് സംബന്ധിച്ച് KREWS(Kerala Rural Employment & Welfare Society, Mayipady P.O., Kasargod) എന്ന സ്ഥാപനത്തിന്റെ താഴെ ചേർക്കുന്ന ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് ഇൻവോയ്സിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

ക്രമ നം.	ഇൻവോയ്സ് നം.	തുക
1	KREWS/D106/19.4.24	₹2,24,518
ആകെ		₹2,24,518

2. പ്രവൃത്തി നടത്തിയ കരാറുകാരനുമായി കരാർ ചമച്ചിട്ടില്ല

പ്രവൃത്തി നടത്തിയ കരാറുകാരൻ ശ്രീ.അജിത്ത് പ്രസാദ് എന്ന വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കരാർ വെയ്ക്കാത്തത് ഒരു കൃത്യവിലോപമായി ഓഡിറ്റ് കണക്കാക്കുന്നു

3. മോണിട്ടറിങ്ങ് സമിതി റിപ്പോർട്ടില്ല

പ്രോജക്ട് നിർവ്വഹണത്തിന്റെ ഒരു ഘട്ടത്തിലും ബന്ധപ്പെട്ട മോണിട്ടറിങ്ങ് സമിതി വിലയിരുത്തി റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻകൃയറി നമ്പർ 7/25.10.25 ന് മറുപടി ലഭ്യമാക്കിയില്ല. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം സംബന്ധിച്ച രജിസ്റ്റർ ഹാജരാക്കിയില്ല. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

<u>1-21 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ-വിതരണ രേഖകൾ പൂർണ്ണമല്ല, നടപടി ക്രമങ്ങളിലും അപാകം</u>

പ്രോജക്ട് നം.	S0114/2025
പദ്ധതിയുടെ പേര്	മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ
അടങ്കൽ	1,94,337/- (വികസന ഫണ്ട്)
ചെലവ്	1,94,337/-
നിർവ്വഹണം.	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ,
ബിൽ നം.	01/31.05.2024 (Rs. 94,224/-) 02/31.05.2024 (Rs. 1,00,113/-)

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, നിർവ്വഹണം നടത്തിയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ എന്ന പ്രോജക്ടിൽപ്പെടുത്തി 1,94,337/-രൂപ ഫർണീച്ചർ വാങ്ങുന്നതിനായി ആർട്ട്കോയ്ക്ക് കൈമാറിയിട്ടുണ്ട്. ഒരു യൂണിറ്റിന് 5,889/- പ്രകാരം 33 യൂണിറ്റ് വാങ്ങിയിട്ടുണ്ട്. (Artco Hardwood Study Table With One Drawyer & Hardwood Chair) എന്നാൽ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ, 31 യൂണിറ്റ് മാത്രമാണ് വിതരണം നടത്തിയതായി രേഖയുള്ളത്.

ഇതിൽ തന്നെ വിജുമോൻ (F/o ശ്രീഹരി), ഉഷപ്രീയ (M/o പാർവ്വതി) എന്നിവരുടെ അപേക്ഷ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വിതരണ രജിസ്റ്ററിൽ ഉൾപ്പെട്ടതായോ, ഫർണീച്ചർ കൈപ്പറ്റിയതായോ കാണുന്നില്ല. അതുപോലെ രാജേഷ് കെ.വി., സൌമ്യ എന്നീ രണ്ടു പേരുകൾ വിതരണ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവരുടെ അപേക്ഷ ഫയലിൽ ഇല്ല. അപേക്ഷ നൽകിയതും, വിതരണ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതും, അതു വഴി ഫർണീച്ചർ കൈപ്പറ്റിയെന്ന് അവകാശപ്പെടുന്നതുമായ 31 പേരിൽ 16 പേർ രജിസ്റ്ററിൽ ഒപ്പിട്ടിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 21/27.10.2025 ന് മറുപടി ലഭ്യമാക്കിയില്ല. മറുപടിയും, രേഖകളും ലഭ്യമാക്കാത്ത സാഹചര്യത്തിൽ വിതരണ രജിസ്റ്ററിൽ ഉൾപ്പെടാത്ത രണ്ട് പേർക്കും, വിതരണ രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്താത്ത 16 ഗുണഭോക്താക്കൾക്കും ഉൾപ്പെടെ പർച്ചേസ് ചെയ്ത പതിനെട്ട്

യൂണിറ്റുകളുടെ വിലയായ 1,06,002/- രൂപയുടെ (5889x18=106002/-)ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 സരസ് മേള നടത്തിപ്പ് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ടിന്റെ പേര്	സരസ് മേള നടത്തിപ്പ് – പഞ്ചായത്ത് വിഹിതം കുടുംബശ്രീക്ക് നൽകുന്നത്
പ്രോജക്ടിന്റെ നമ്പർ	S0221/25
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	₹50,000
ചെലവ്	₹50,000
ബിൽ നമ്പർ, തീയതി	BRN 24060752013201484822 DATED 10.03.25

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.11.24 തീയതിലെ KSHO/2679/2024-JI നമ്പർ കത്ത് പ്രകാരവും സ.ഉ.(സാധാ)നമ്പർ 2416/24/LSGD തീയതി 10.12.24 പ്രകാരവും ഇന്ത്യ ഒട്ടാകെയുള്ള സഹായ സംഘങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും ആണ് സരസ് മേള സംഘടിപ്പിച്ചത്. സരസ് മേളയുടെ പ്രാധാന്യം സർക്കാർ ഉൾക്കൊണ്ടു കൊണ്ട് മേള ഭംഗിയായും വിജയകരമായും സംഘടിപ്പിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നോ പദ്ധതി വിഹിതത്തിൽ നിന്നോ ₹50,000 കുടുംബശ്രീ മിഷന് നൽകുവാൻ നിർദ്ദേശിച്ചിരുന്നു.

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിൽ നിന്ന് സരസ് മേള യുടെ നടത്തിപ്പിനായി മേൽ ബിൽ പ്രകാരം ₹50000 കുടുംബശ്രീ,ആലപ്പുഴക്ക് നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നമ്പർ 6/25.10.25) കുടുംബശ്രീ ജില്ലാ മിഷൻ കോ ഓഡിനേറ്റർ സന്ദേശം അയച്ചതായി മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകും വരെ ₹50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 വീട് വാസയോഗ്യമാക്കൽ – പണി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയില്ല

വി.ഇ.ഒ., തൈക്കാട്ടുശ്ശേരി സർക്കിൾ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ, മുൻകൂറായി ഒന്നാം ഗഡു കൈപ്പറ്റിയ പല ഗുണഭോക്താക്കളും നിലവിലും നിർമ്മാണം പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

A) വീട് വാസയോഗ്യമാക്കൽ -എസ്.സി (പ്രോജക്ട് നം.S0133/2025)

മേൽ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് രണ്ട് ഗഡുക്കളായി 60,000/- രൂപയാണ് അറ്റകുറ്റപ്പണിയ്ക്കായി അനുവദിക്കുന്നത്. ഒന്നാം ഗഡുവായി 30,000 മുൻകൂറായി നൽകുകയും പണി പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കുന്നമുറയ്ക്ക് രണ്ടാം ഗഡുവായി ശേഷിക്കുന്ന 30,000/- രൂപയും അനുവദിക്കുന്നു. എന്നാൽ താഴെപറയുന്ന ഗുണഭോക്താക്കൾ നിലവിലും നിർമ്മാണം പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല.

1) സുശീല, പുത്തേഴത്ത്, വാർഡ് 12

2) രാധാമണി, ചെറുവേലിക്കകത്ത്, വാർഡ് 7

3) ശാന്താ കളരിയ്ക്കൽ, വാർഡ് 1

4) ധന്യമോൾ, കൊച്ചേരിച്ചിറ, വാർഡ് 15

5) എ.കെ സോമൻ, മഠത്തിവെളി, വാർഡ് 11

6) സുശീലൻ, ജിത്തുനിവാസ്, വാർഡ് 1

B) വീട് വാസയോഗ്യമാക്കൽ - ജനറൽ (പ്രോജക്ട് നം.S0130/2025)

മേൽ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് രണ്ട് ഗഡുക്കളായി 40,000/- രൂപയാണ് അറ്റകുറ്റപ്പണിയ്ക്കായി അനുവദിക്കുന്നത്. ഒന്നാം ഗഡുവായി 20,000/- മുൻകൂറായി നൽകുകയും പണി പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കുന്നമുറയ്ക്ക് രണ്ടാം ഗഡുവായ 20,000/- നൽകുകയും ചെയ്യുന്നു. എന്നാൽ താഴെപറയുന്ന ഗുണഭോക്താക്കൾ നിലവിലും നിർമ്മാണം പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല.

1) പാത്തുമ്മാ, ബീവി, സുലേഹ ഭവനം, വാർഡ് 3

2) രാജമ്മ, ചണ്ണിക്കടവ്, വാർഡ് 12

3) കമല, നികർത്തിൽ, വാർഡ് 2

4) തങ്കമ്മ വാസു, പുതിയാട്ട് നികർത്ത്, വാർഡ് 12

5) നെഹ്സാബ്, രണ്ടുതെങ്ങുംവെളി, വാർഡ് 5

6) രത്നമ്മ പ്രദീപൻ, നികർത്തിൽ, വാർഡ് 5

7) സരസ്വതിയമ്മ, സുനിൽഭവനം, വാർഡ് 15

8) പ്രകാശൻ, തെക്കേപാറയ്ക്കൽ, വാർഡ് 12

9) സുദർശൻ, മാധവപ്പള്ളി, വാർഡ് 7

10) ബൈജു, പാറയ്ക്കൽ, വാർഡ് 11

11) ഗ്രേസമ്മ ജോസഫ്, തേയ്ക്കാനത്ത്, വാർഡ് 5

12) സജീവ്, ആഞ്ഞിലിക്കാട്ട് വെളി, വാർഡ് 7

13) ലൈലാ ബീവി, പടിക്കെവെളി, വാർഡ് 4

14) തോമസ്, പോട്ടക്കരി, വാർഡ് 3

15) തോമസ് പി.ആർ, ഏലുക്കോട്ടിൽ, വാർഡ് 4

16) സിനി, കൊല്ലേഴത്ത്, വാർഡ് 14

17) ശാന്ത, കൊച്ചുവെളി, വാർഡ് 10

18) ജെസി ജോസഫ്, നെൻമണിമുറ്റം, വാർഡ് 12

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം രേഖാമൂലം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.24/27.10.2025) എസ്.സി ഗുണഭോക്താക്കളായ രാധാമണി, ചെറുവേലിക്കകത്ത്, വാർഡ് 7, ധന്യമോൾ, കൊച്ചേരിച്ചിറ, വാർഡ് 15 എന്നിവർ നിർമ്മാണം പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം നിലവിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും തുക ഉടനെ മാറി നൽകുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. ശേഷിക്കുന്ന ഗുണഭോക്താക്കളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-24 ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങൽ – തുക മുൻകൂർ നൽകി

പ്രോജക്ടിന്റെ പേര് - ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങൽ

പ്രോജക്ടിന്റെ നം - S0064/2025

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ തുക – 6,00,000/- (സി.എഫ്.സി ഗ്രാന്റ് - 180000/-, ശുചിത്വ മിഷൻ ഗ്രാന്റ് 420000/-)
ചെലവ് തുക – 1,80,000/- (വൌച്ചർ നം XVFC/2024-25/P/38/26.3.2025)

മേൽ പദ്ധതി പ്രകാരം ജെം പോർട്ടൽ മുഖേന Kuttukaran Green Pvt Ltd, Cochin എന്ന സ്ഥാപനത്തിൽ നിന്നും Piaggio Ape ബ്രാൻഡിലുള്ള ഇലക്ട്രിക് ഓട്ടോറിക്ഷ വാങ്ങുന്നതിനായി അടങ്കൽ തുകയിലെ സി.എഫ്.സി ഗ്രാന്റ് തുകയായ 1,80,000/- രൂപ പിൻവലിച്ച് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ശുചിത്വ മിഷൻ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിൽ നിന്നുള്ള ടാക്സ് ഇൻവോയ്സ് നം- 880DIEV24000047/31.3.2025 പ്രകാരമുള്ള 4,29,245/- രൂപയിൽ ശേഷിക്കുന്ന 2,49,245/- രൂപ നിലവിലും നൽകിയിട്ടില്ല. ഇൻവോയ്സ് തുക പൂർണ്ണമായി നൽകാതിരുന്നതുകൊണ്ട് സ്ഥാപനം ഓട്ടോറിക്ഷ ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നില്ല.
സ്ഥാപനം ഓട്ടോറിക്ഷ കൈമാറുന്നതിന് മുമ്പ് സി.എഫ്.സി ഗ്രാന്റിൽ നിന്നും തുക നൽകിയ നടപടി ക്രമവിരുദ്ധമാണ്. ഭവന നിർമ്മാണം, മരുന്ന് വാങ്ങൽ മുതലായവയ്ക്ക് മാത്രമാണ് പദ്ധതി വിഹിതത്തിൽ നിന്നും തുക മുൻകൂർ നൽകാവുന്നത്. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.11/25.10.2025) ശുചിത്വ മിഷനിൽ നിന്നും യഥാസമയം തുക ലഭിക്കാതിരുന്നതുകൊണ്ടാണ് വാഹനം കിട്ടുവാൻ താമസിച്ചതെന്നാണ് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയത്. ശുചിത്വ മിഷൻ വിഹിതം നിലവിലും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഓഡിറ്റ് എൻകയറി നൽകിയതിനെ തുടർന്ന് 27.10.2025-ൽ സ്ഥാപനം ഓട്ടോറിക്ഷ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.
ഡീലർക്ക് വാഹന വിലയുടെ ശേഷിക്കുന്ന തുകയായ 2,49,245/- രൂപ ശുചിത്വ മിഷനിൽ നിന്നും ലഭ്യമാക്കുന്നതിന് 2025-26 വർഷം 110/2026 എന്ന സ്പിൽ ഓവർ പ്രോജക്ട് ആവീഷ്കരിച്ചിട്ടുണ്ട്. 2024-25 വർഷം നൽകിയ 1,80,000/- രൂപയിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ലാത്തതിനാൽ ശുചിത്വ മിഷനിൽ നിന്നുള്ള തുക അനുവദിക്കുമ്പോൾ ആയത് കുറവ് ചെയ്യേണ്ടതാണ്.

1-25 ജി.എസ്.ടി തുക ബില്ലിൽ കുറവുചെയ്തു

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമപഞ്ചായത്തിൽ 2024-25 ൽ നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക ബില്ലിൽ നിന്നും കുറവ് ചെയ്ത് പിൻവലിച്ചതിനാൽ ജി.എസ്.ടി തുക നഷ്ടമാവുകയാണുണ്ടായത്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതും, ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ പേര്	കരാറുകാരൻ	ഉപയോഗിച്ച ബിറ്റുമിന്റെ അളവ്	ബില്ലിൽകുറവു ചെയ്ത തുക@281 രൂപ (18%ജി.എസ്.ടി ഉൾപ്പെടെ)	18% ജി.എസ്.ടി @43രൂപ നിരക്കിൽ നഷ്ടമായ തുക	ബിൽ നം. തീയതി
1	കണ്ണാടി പൂച്ചാക്കൽ റോഡ് പുനരുദ്ധാരണം(so11/25)	പി.ജി.അനിൽകുമാർ	19 ബാരൽ	5339	817	423659/-446/6.2.25
2	മാക്കേക്കടവു ഗൗരിനാഥക്ഷേത്രം റോഡ് പുനരുദ്ധാരണം(S0039/25)	ടി.ജെ.ജോബ്	24ബാരൽ	6744	1032	595229/-346/24.9.24
3	ലൗക്കാ പള്ളിത്തോട് റോഡ് പുനരുദ്ധാരണം	പി.ജി.അനിൽകുമാർ	16ബാരൽ	4496	688	625000/-442-9.1.25
ആകെ					2537	

മേൽ ന്യൂനതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകയറിയ്ക്ക് (15/27.10.25) മറുപടിയായി ജി.എസ്.ടി തുക ബന്ധപ്പെട്ട വകുപ്പിൽ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ജി.എസ്.ടി വകുപ്പിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

1-26 ലൈഫ് ഭവന നിർമ്മാണം - നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവന നിർമ്മാണം പദ്ധതി പ്രകാരം 2023, 2024 വർഷങ്ങളിൽ അഡ്വാൻസ് തുക കൈപ്പറ്റിയ താഴെപറയുന്ന ഗുണഭോക്താക്കൾ അടിത്തറ നിർമ്മാണം പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയതായി കാണുന്നില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	തുക കൈപ്പറ്റിയ തീയതി
1	അനീഷ് പരിമണത്ത്, വാർഡ് 7	15.03.2023
2	വിജയൻ ശങ്കരഭവനം, വാർഡ് 6	15.06.2023
3	വിനോദ്, കുന്നുവെളി, വാർഡ് 6	15.06.2023
4	ഷിജു പി.ആർ., പോളേക്കടവ്	31.07.2024
5	ലെനീഷ്, നികർത്തിൽ	16.8.2024
6	സുലോചന, അടിനാട്ടിൽ, വാർഡ് 8	23.11.2024
7	സത്യപാലൻ, ശങ്കരമംഗലത്ത്, വാർഡ് 8	19.10.2024
8	കുഞ്ഞമ്മ സോമൻ, പുതുവൽ നികർത്ത്, വാർഡ് 13	25.6.2024
9	ശാരദ, അരിമ്പശ്ശേരി, വാർഡ് 12	25.6.2024

മേൽ പരാമർശിച്ചിരിക്കുന്ന ഗുണഭോക്താക്കൾ അടിത്തറ നിർമ്മാണം പൂർത്തീകരിച്ച് തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.26/27.10.2025) ക്രമ നം. 4, 6, 7 എന്നിവർ അടിത്തറ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും തുക ലഭ്യമല്ലാത്തതിനാൽ രണ്ടാം ഗഡു നൽകിയിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. അടിത്തറ നിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് അടുത്ത ഗഡു നൽകുന്നതിനും ശേഷിക്കുന്നവർ നിർമ്മാണം ആരംഭിക്കാത്ത പക്ഷം തുക തിരികെ

ഈടാക്കുന്നതിന് ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

1-27 മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് നം.	S0063/24-25
പദ്ധതിയുടെ പേര്	ആയൂർവ്വദ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ
അടങ്കൽ	1,50,000/- (മെയിന്റനൻസ് ഫണ്ട് /റോഡിതരം)
ചെലവ്	1,50,000/-
നിർവ്വഹണം.	മെഡിക്കൽ ഓഫീസർ, (ആയൂർവ്വേദം)
ബിആർഎൻ നം.	24060752012801143259 തീയതി 07.01.2025

മെഡിക്കൽ ഓഫീസർ, ആയൂർവ്വേദം നിർവ്വഹണം നടത്തിയ ആയൂർവ്വേദ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടിൽപ്പെടുത്തി 1,50,000/-രൂപ ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ, ഇതേവരെ 88,716/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ട്. (ഇൻവോയ്സ് നം.90375681)/26.02.2025) 61,284/- രൂപയ്ക്കുള്ള മരുന്നുകൾ ഇനിയും ലഭ്യമാകാനുള്ളതായി കാണുന്നു. മരുന്നുകൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 20/27.10.2025 ന് മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-28 APHC-NHM ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല

2024-25 സാമ്പത്തിക വർഷം APHC-NHM ഹോമിയോ ആശുപത്രിക്ക് വേണ്ടി മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

പ്രോജക്ടിന്റെ നമ്പർ	S0097/25
പ്രോജക്ടിന്റെ പേര്	APHCNHM ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	₹1,40,000(ധനകാര്യ കമ്മീഷൻ അവാർഡ്) ₹ 3,60,000(മെയിന്റനൻസ് ഫണ്ട് (റോഡിതരം)) ആകെ-₹5,00,000
ചെലവ്	₹1,40,000(ധനകാര്യ കമ്മീഷൻ അവാർഡ്) ₹3,60,000(മെയിന്റനൻസ് ഫണ്ട് (റോഡിതരം)) ആകെ-₹5,00,000
ബിൽ നമ്പർ, തീയതി	1.24060752013200888534 Dated 11.11.24,₹3,60,000 2.sanction Number 371,11.11.24,₹1,40,000 (Managing Director,HOMCO,Pathirapally,Alleppey)

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 5/25.10.25 ന് ₹3,38,058 മരുന്ന് ലഭ്യമാക്കിയതായി മറുപടി നൽകി. എന്നാൽ ഇതിന്റെ ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. മരുന്നിന്റെ ഇൻവോയ്സ് അടക്കം ലഭ്യമാകുവരെ ₹5,00,000 തടസ്സപ്പെടുത്തുന്നു.

1-29 ജി.എസ്.റ്റി-റ്റി.ഡി.എസ്. ഈടാക്കിയില്ല

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ (മെറ്റീരിയൽസ്) തുക 2.5 ലക്ഷത്തിനുമേൽ ആണെങ്കിൽ (2017 ലെ CGST Act/KGST Act ലെ സെക്ഷൻ 51(1)) ജി.എസ്.ടി. 2% ഉത്ഭവത്തിൽ നിന്നും കുറവ് ചെയ്യണമെന്നിരിക്കെ 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തിയിൽ ഇപ്രകാരം 2% ജി.എസ്.റ്റി-റ്റി.ഡി.എസ് ഈടാക്കിയതായി കാണുന്നില്ല.

ക്രമ നമ്പർ	പ്രവൃത്തി	FTO Number	എം ബുക്ക് നമ്പർ	മെറ്റീരിയൽസിന്റെ വില	റ്റി.ഡി.എസ്. ആയി ഈടാക്കേണ്ടിയിരുന്ന തുക GST 2%

1	നികർത്തിൽ തോട്ടുകണ്ടത്തിൽ ഇന്റർലോക്കിംഗ് ഫുട്പാത്ത് വാർഡ് 5	0121EATPAYREQ3103202516464, 31.03.25	127/24-25	256023	5120
2	മണപ്പുറം പായ്ക്കനം കാട് റോഡ് മെറ്റലിംഗ് വാർഡ് 7	0121EATPAYREQ3103202516436, 31.03.25	125/24-25	426965	8539
3	ആറ്റുപുറം പെരിങ്ങലം റോഡ് മെറ്റലിംഗ് വാർഡ് 7	0121EATPAYREQ3103202516450, 31.03.25	126/24-25	302219	6044
	ആകെ				19703

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 23/27.10.25 ന് മറുപടി ലഭ്യമാക്കിയില്ല. ടി തുക കരാറുകരിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

1-30 ഓണം അഡ്വാൻസ് തുക തിരികെ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക കണക്ക് (B-18-460100101), അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, ശ്രീ.പ്രീയേഷ് ഫ്രാൻസിസ്, അസിസ്റ്റന്റ് സെക്രട്ടറിക്ക് അനുവദിച്ച ഓണം അഡ്വാൻസ് തുകയിൽ 6,000/- രൂപ തിരികെ ഈടാക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. ടിയാനിൽ നിന്നും ഓണം അഡ്വാൻസ് തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകയറിയ്ക്ക് (18/27.10.25) മറുപടി ലഭ്യമാക്കിയില്ല. ഓണം അഡ്വാൻസ് തുക 6,000/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-31 VAT ഇനത്തിലെ തുക അടയ്ക്കാതെ ബാലൻസായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ, ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂൾ പ്രകാരം വാറ്റ് (Value Added Tax) ഇനത്തിൽ, 59,065 രൂപ അടയ്ക്കുവാനുണ്ട്. ടി തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകയറിയ്ക്ക് (19/27.10.25)മറുപടി ലഭ്യമാക്കിയില്ല. ടി തുക ബന്ധപ്പെട്ട വകുപ്പിലേയ്ക്ക് അടച്ച് വിവരം അറിയിക്കേണ്ടതാണ്.

1-32 ജലജീവൻ മിഷൻ അവലോകനം

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

ജൽജീവൻ മിഷൻ - കേരളം

ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്ത ഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020 /ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024-നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യം. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി രേഖ

സ.ഉ.(കൈ)നം.37/2020/ജ.വി.വ./08.06.2020 നമ്പർ ഉത്തരവ് പ്രകാരമുള്ള ജൽ ജീവൻ മിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള "ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി" നാളിതുവരെ

ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല.

നിർവ്വഹണ സഹായ ഏജൻസി

ജൽ ജീവൻ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണവും ശാക്തീകരണവും, ജലസാക്ഷരതാ പ്രവർത്തനങ്ങൾ, പരസ്യ പ്രചാരണ പരിപാടികൾ, ജലഗുണനിലവാര പരിശീലനങ്ങൾ ഉൾപ്പെടെയുള്ള സാമൂഹിക സംഘാടന പരിപാടികളിൽ ഇടപെടൽ നടത്തേണ്ടത് നിർവ്വഹണ സഹായ സംഘടനകളാണ്. ഇടുക്കി കഞ്ഞിക്കുഴി ആസ്ഥാനമായി പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ ഓറിയന്റേഷൻ ആന്റ് റൂറൽ ഡെവലപ്മെന്റ് (SORD) എന്ന സ്ഥാപനത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ കുടിവെള്ള ശുചിത്വമിഷൻ മെമ്പർ സെക്രട്ടറി, നിർവ്വഹണ സഹായ ഏജൻസി എന്നിവർ ചേർന്നുള്ള ത്രികക്ഷി കരാറിൽ ഏർപ്പെട്ടു വേണം പദ്ധതി ആരംഭിക്കേണ്ടത്. എന്നാൽ നാളിതുവരെ ഗ്രാമപഞ്ചായത്ത് ഇത്തരത്തിലുള്ള യാതൊരു പ്രവർത്തനവും ആരംഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

ഭൂരിഭാഗവും നിലവിലുള്ള സ്രോതസ്സിന്റെ കാലഹരണപ്പെട്ട വിതരണ കുഴലുകൾ മാറ്റുന്ന പ്രവൃത്തി ആയതിനാൽ കുടിവെള്ള വിതരണം തടസ്സമില്ലാതെ നടത്താൻ സാധിക്കുന്നു എന്നതാണ് പദ്ധതിയുടെ മറ്റൊരു പ്രത്യേകത.

പദ്ധതി വിലയിരുത്തൽ

ജൽ ജീവൻ പദ്ധതിയിലേക്കായി ഓഡിറ്റ് വർഷം (2024-25) ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനോ, ടാങ്ക് നിർമ്മിക്കുന്നതിനോ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. ജലജീവൻ പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ നൽകിയ വീടുകളുടെ എണ്ണം, പദ്ധതി നടപ്പാക്കുന്നതിനായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് കുഴിച്ച റോഡുകളുടെ എണ്ണം, വിസ്തൃതി തുടങ്ങിയ വിവരങ്ങളൊന്നും തന്നെ ഗ്രാമപഞ്ചായത്ത് ശേഖരിച്ചിട്ടില്ല. പദ്ധതി നിർവ്വഹിക്കുവാനാവാശ്യമായ യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ധാരാളം തെരുവ് ടാപ്പുകൾ പ്രവർത്തിച്ചിരുന്ന ഗ്രാമപഞ്ചായത്തായിരുന്നു. ഇത്രയും ടാപ്പുകൾ പ്രവർത്തിക്കാനാവശ്യമായ പൈപ്പ് ലൈനുകൾ നിർമ്മിച്ചിരിക്കെ ആയതിലൂടെ ജലജീവൻ പദ്ധതി നടപ്പിലാക്കാൻ സാധിക്കും എന്നത് ഗുണകരമായ കാര്യമാണ്. തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻമിഷന് പദ്ധതിയ്ക്ക് തുക വകയിരുത്തുകയോ, ചെലവഴിക്കുകയോ വിഹിതം നൽകുകയോ ചെയ്തിട്ടില്ലായെന്ന വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാക്കാനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-33 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഹെൽത്ത് ഗ്രാന്റ് ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതിന്റെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

വർഷം	ഗ്രാന്റ് സ്കീമിന്റെ പേര്	ലഭിച്ച ഗ്രാന്റ്	ചെലവ്	ബാക്കി	ചെലവ് ശതമാനം
2021-22	രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം 3)	3,18,178/-	3,18,178/-	-	100%
2021-22	ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (സ്കീം 4)	1,75,922/-	66,139/-	1,09,783/-	37.5%
2022-23	രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം 3)	8,17,000/-	3,33,415/-	4,83,585/-	40.8%
2022-23	ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് &	3,49,000/-	3,44,403/-	4,597/-	98.6%

	വെൽനെസ്സ് പ്രവർത്തനങ്ങൾ (സ്കീം 4)				
2023-24	രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം 3)	5,83,000/-	0/-	5,83,000/-	0%
2023-24	ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ (സ്കീം 4)	5,55,000/-	0/-	5,55,000/-	0%

സ്കീം-3 രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം-4 കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവയിലാണ് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നാളിതുവരെ നിർമ്മാണപ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി തദ്ദേശസ്ഥാപനം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം

വർഷം	പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്
2022-23	ആരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ, S0128/23	1,75,922/-	66,139/-
2022-23	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, S0126/23	3,18,178/-	3,18,178/-
2023-24	ആരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ, S0192/24	3,49,000/-	39,984/-
2023-24	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, S0191/24	8,17,000/-	1,21,901/-
2024-25	ആരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ, S0192/24 (SO)	3,09,016/-	3,04,419/-
2024-25	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, S0228/25 (SO)	6,59,099/-	2,11,514/-

ഹെൽത്ത് ഗ്രാന്റ് വരവ് ചെലവ് വിവരങ്ങൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി, ഫലപ്രാപ്തി എന്നിവ.

2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ സ്കീം-3, സ്കീം-4 എന്നീ ഇനങ്ങളിൽ തുക ലഭ്യമായിട്ടുണ്ടെങ്കിലും 2022-23 വർഷം മുതലാണ് തുക വിനിയോഗിച്ചു തുടങ്ങിയത്. 2021-22 വർഷം സ്കീം 3-ൽ (രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ) ലഭിച്ച തുക 100% ചെലവഴിച്ചിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങിയത് ജീവനക്കാരുടെ ജോലി സുഗമമാക്കാൻ സഹായിച്ചിട്ടുണ്ടെന്നും അതുപോലെ തന്നെ ലാബ് റീ ഏജന്റ്, ടെസ്റ്റ് കിറ്റ്, അനുബന്ധ സാധന സാമഗ്രികൾ എന്നിവ ലഭ്യമാക്കിയതിലൂടെ മെച്ചപ്പെട്ട രോഗനിർണ്ണയ സൗകര്യം രോഗികൾക്ക് നൽകുന്നതിന് സഹായകമായിട്ടുണ്ട്.

ശിപാർശകൾ

സി.എച്ച്.സി.യുടെ കീഴിൽ ആകെ നാല് സബ്സെന്ററുകൾ പ്രവർത്തിയ്ക്കുന്നുണ്ട്. ഇവയിൽ രണ്ടെണ്ണം സ്വന്തം കെട്ടിടത്തിലും, മറ്റ് രണ്ടെണ്ണം എഫ്.സി.എച്ച്.സി.യുടെ കെട്ടിടത്തിലുമാണ്

പ്രവർത്തിക്കുന്നത്. അനുയോജ്യമായ സ്ഥലം കണ്ടെത്തി സബ്സെന്ററുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാന്റ് ഉപയോഗപ്പെടുത്താവുന്നതാണ്. അതുവഴി കൂടുതൽ രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തി ചികിത്സ മെച്ചപ്പെടുത്താവുന്നതാണ്. ഹെൽത്ത് ഗ്രാന്റ് കാര്യക്ഷമമായി വിനിയോഗിച്ച് മികച്ച ആരോഗ്യപരിപാലന സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിനും, അതുവഴി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട രോഗ നിർണ്ണയ/ആരോഗ്യ പരിപാലന സംവിധാനങ്ങൾ ലഭ്യമാക്കുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗം നടത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ അപാകങ്ങൾ

പ്രോജക്ട് നം.	S0071/25
പദ്ധതിയുടെ പേര്	എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
നിർവ്വഹണം	ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്.
അടങ്കൽ	12,00,000/- (എസ്.സി.പി)
ചെലവ്	8,90,000/-
ബിആർഎൻ നം.	24060752013301866 82/06.02.2025, 4,10,000

ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ് നിർവ്വഹണം നടത്തിയ ടി പ്രോജക്ടിൽ ഉൾപ്പെടുത്തി 8,90,000/- രൂപ 2024-25 വർഷം ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. സബ്സിഡി മാർഗ്ഗരേഖ 7-2-4 (7-1) പ്രകാരം +2 വിന് ശേഷമുള്ള സർക്കാർ അംഗീകൃത റഗുലർ കോഴ്സിന് (ബിരുദമല്ലാത്ത) 15,000/- രൂപയാണ് നൽകാവുന്നത്.

ക്രമ നം.	വിദ്യാർത്ഥിയുടെ പേര്	കോഴ്സ്/സ്ഥാപനം	നൽകിയ സ്കോളർഷിപ്പ് തുക	നൽകാവുന്ന സ്കോളർഷിപ്പ് തുക	അധികം നൽകിയ തുക
1.	അർച്ചന പി.സലി	ജനറൽ നേഴ്സിംഗ്& മിഡ്വൈഫറി, മെഡിക്കൽ കോളേജ്, കോട്ടയം	25,000/-	15,000/-	10,000/-

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 14/25.10.2025 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജനറൽ നേഴ്സിംഗ് ബിരുദത്തിന് തുല്യമായ കോഴ്സാണെന്ന് ധരിച്ചതിനാലാണ് തുക നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. ജനറൽ നേഴ്സിംഗ് ആന്റ് മിഡ്വൈഫറി കോഴ്സ് ബിരുദത്തിന് തുല്യമായ കോഴ്സ് അല്ലാത്തതിനാൽ അധികമായി നൽകിയ 10,000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. അധികമായി നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് - വിവരശേഖരണം

മെഡിസെപ് പ്രീമിയം ഒടുക്ക്- റഗുലർ ജീവനക്കാരുടെ വിവരം				
ഓഡിറ്റ്	മെഡിസെപ്	മെഡിസെപ്	ഒടുക്കുവാൻ	റിമാർക്ക്സ്

വർഷത്തിലെ ജീവനക്കാരുടെ എണ്ണം	പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (2024-25)	പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ബാക്കി നില്ക്കുന്ന തുക	
11	66,000	66,000	0	

01.04.2024- മുതൽ **30.06.2024** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം ഇല്ല

01.07.2024- മുതൽ **31.07.2024** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം ഇല്ല

01.08.2024- മുതൽ **31.03.2025** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം ഇല്ല

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	1,10,999	സാന്ത്വന പരിചരണം (So120&soo6/25)	1,10,999	0
		5,65,000	ലൈഫ് 2020 എസ് സി ഭവന നിർമ്മാണം(so116/25)	5,65,000	0
		3,00,000	ലൈഫ് (ജനറൽ) ഭവനനിർമ്മാണം(so132)	3,00,000	0
		3,90,630	ശാരീരിക-മാനസീക വെല്ലുവിളി നേരിടുന്നവർക്കായുള്ള സ്കോളർഷിപ്പ്(s002/25)	3,90,630	0
ആകെ		13,66,629		13,66,629	0
ജില്ലാ പഞ്ചായത്ത്	2024-25	18,00,000	ലൈഫ് 2020 ജനറൽ ഭവനനിർമ്മാണം(132/25)	18,00,000	0
		10,00,000	ലൈഫ് 2020 എസ് സി ഭവനനിർമ്മാണം(116/25)	10,00,000	0
		4,73,000	ലൈഫ് 2020 എസ് സി ഭവനനിർമ്മാണം(52/25)	4,73,000	0
		15,00,000	ലൈഫ് 2020 എസ് സി ഭവനനിർമ്മാണം(125/25)	15,00,000	0
		1,30,210	ശാരീരിക-മാനസീക വെല്ലുവിളി നേരിടുന്നവർക്കായുള്ള സ്കോളർഷിപ്പ്(s0002/25)	1,30,210	0
		89,386	അനുപൂരക പോഷകാഹാര പരിപാടി	89,386	0
ആകെ		49,92,596		49,92,596	0

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്കായി തുക ചെലവഴിച്ചിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഹഡ്കോ വായ്പ	ലഭ്യമല്ല	2,94,80,322	66,19,284	33,72,893	0	3,27,26,713

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4,843 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീതു നം./തീയതി
2023-24	1-28(ക്രമ നം.3,4)	3,977	ജെറിൻ ജെ. റോയ്സ്	240102529/4.3.25
2023-24	1-28(ക്രമ നം.8,9)	866	ജെറിൻ ജെ. റോയ്സ്	240102530/4.3.25

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2019-20	1-12,1-12ബി	2021-22	അനുബന്ധം-1	വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി നിർണ്ണയം നടത്തുന്നത്.	നിലനിൽക്കുന്നു

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	5,21,32,344
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	4,74,79,925
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	10,000/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	11,69,122/-

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1/1-17		10,000/-	ശ്രീമതി എം.മഹിളാമണി, പ്രധാന

			അദ്ധ്യാപിക, ഗവ. യു.പി.എസ്., തൈക്കാട്ടുശ്ശേരി
ആകെ		10,000/-	

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-16	95,430	ശ്രീ.സാബുമോൻ കെ., സെക്രട്ടറി
1-18	3,84,650	ശ്രീ.പ്രതീഷ് കുമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തൈക്കാട്ടുശ്ശേരി
1-19	33,040	ശ്രീ.സാബുമോൻ കെ., സെക്രട്ടറി
1-21	1,06,002	ശ്രീ.രാഗേഷ് എസ്., ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ
1-22	50,000	ശ്രീ.സാബുമോൻ കെ., സെക്രട്ടറി
1-28	5,00,000	ശ്രീ.സാബുമോൻ കെ., സെക്രട്ടറി
ആകെ	11,69,122	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	ഇനം	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-25	ജി.എസ്.ടി	2,537	ശ്രീമതി ബിന്ദു പ്രസാദ് എസ്., അസിസ്റ്റന്റ് എഞ്ചിനീയർ
1-29	ജി.എസ്.ടി	19,703	ശ്രീമതി മജീഷ എം., അക്രഡിറ്റഡ് എഞ്ചിനീയർ, MGNREGS
ആകെ		22,240	

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി ബിന്ദു പ്രസാദ് എസ്., അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്	ആഞ്ഞിലി വെളി, പൊന്നുരുന്നി, വൈറ്റില പി.ഒ., എറണാകുളം – 19
ശ്രീ.സാബുമോൻ കെ., സെക്രട്ടറി	സെക്രട്ടറി, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്	ഷാരോണിയ, എസ് എൽ പുരം, ചേർത്തല
ശ്രീ.പ്രതീഷ് കുമാർ, വി.ഇ.ഒ. തൈക്കാട്ടുശ്ശേരി	വി.ഇ.ഒ., തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്	മഠത്തിൽ ഹൗസ്, സി.എം.സി-25 ചേർത്തല
ശ്രീമതി എം.മഹിളാമണി, പ്രധാന അധ്യാപിക ഗവ.എൽ.പി.എസ്.	പ്രധാന അധ്യാപിക ഗവ.എൽ.പി.എസ് തൈക്കാട്ടുശ്ശേരി	വട്ടത്തറ, മണപ്പുറം, ചേർത്തല

ശ്രീമതി മജീഷ എം. അക്രഡിറ്റഡ് എഞ്ചിനീയർ	അക്രഡിറ്റഡ് എഞ്ചിനീയർ, MGNREGS തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്	വടക്കേചിറയിൽ, പള്ളിപ്പുറം പി.ഒ., ആലപ്പുഴ
ശ്രീ.രാഗേഷ് എസ്., ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്	മുളങ്കാട്ടിൽ തെക്കതിൽ, ആയാപറമ്പ് പി.ഒ., ചെറുതന നോർത്ത്.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം
1998-99	ചെലവ് - എൽ.എഫ്.ജി.എ5-1832/11, തീയതി –19.01.2012
1999-2000	എൽ.എഫ്.ജി.എ5-1832/11, തീയതി - 19.01.2012
2001-2002	എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012
2002-2003	എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012
2003-2004	എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012
2004-2005	എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012
2005-2006	എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012
2006-2007	എൽ.എഫ്.ജി.എ5-1577/14, തീയതി – 08.05.2014
2007-2008	എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014
2008-2009	എൽ.എഫ്.ജി.എ5-1577/14, തീയതി – 08.05.2014
2009-2010	എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014
2010-2011, 2011-2012	എൽ.എഫ്.എ.പി9-709/13, തീയതി – 17.12.2014/14.03.2014
2012-2013	എൽ.എഫ്.എ.പി9-20/15, തീയതി – 12.02.2015/17.03.2015
2013-2014	എൽ.എഫ്.എ.പി9-1621/15, തീയതി – 17.12.2015/28.01.2016
2014-2015	കെ.എസ്.എ-എ.എൽ.പി-പി9/841/16, തീയതി 30.07.2016/05.08.2016
2015-2016	കെ.എസ്.എ-എ.എൽ.പി-പി9/1563/16, തീയതി 13.01.2017
2016-2017	കെ.എസ്.എ-എ.എൽ.പി-പി6/1228/2022, 03.05.2023
2017-2018	കെ.എസ്.എ-എ.എൽ.പി-പി9.524/19/11.6.2019
2018-2019	കെ.എസ്.എ-എ.എൽ.പി-പി8. 400/2020/ 26.05.2020.
2019-2020	കെ.എസ്.എ-എ.എൽ.പി-പി6/956/2021/24.2.2022
2020-2021	കെ.എസ്.എ-എ.എൽ.പി-പി6/957/21/24.2.2022
2021-2022	കെ.എസ്.എ-എ.എൽ.പി-പി6/1092/22/4.11.2022
2022-2023	കെ.എസ്.എ-എ.എൽ.പി-പി6/ 1273/2023/15.11.2023
2023-2024	കെ.എസ്.എ-എ.എൽ.പി-പി6/ 1098/2024/24.12.2024

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 31-05-2025 and submitted on 28-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Thycattussery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Thycattussery Grama Panchayat as on 31-03-2025

Date: 17/12/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Thycattussery Grama Panchayat for the Year 2024-2025.

1.Major Observations

Nil

2.Other Observations

1) The mandatory financial statement such as ratios, notes on accounts are not submitted with AFS.

2) The Demand, Collection and Balance of Property Tax as per Annual Accounts does not match with the entries in D.C.B Statement from Sanchaya Software.

3)The demand entries of property tax, professional tax etc are not recorded in the ledger at the beginning of the year and every month thereafter.

4)The expenditure of Development fund -General as per A.F.S mismatches with Sulekha expenditure statement.

5) Bank statement/pass book of state bank of Travancore-(account no.57052945789-)not produced.

Deputy Director

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്